17. ഗവ. കോളേജ്, മണിമലക്കുന്ന്.
18 ഗവ. ഇൗവനിംഗ് കോളേജ്, തൃശ്ശൂർ.
19. ഗവ. കോളേജ്, മൊകേരി.
20. ഗവ. കോളേജ്, കൽപ്പറ്റ.
21. ഗവ. കോളേജ്, മാനന്തവാടി.
22. ഗവ. കോളേജ്, എളേരിത്തട്ടുമ്മേൽ.
23. ഗവ. കോളേജ്, കാഞ്ഞിരംകുളം.
24. ഗവ. കോളേജ്, തൃപ്പൂണിത്തുറ.

(എഫ്) 1. ഗവൺമെൻറ് ആർട്ട്സ് ആൻറ് സയൻസ് ഇൗവനിംഗ് കോളേജ്, കാലിക്കട്ട്.
2. ഗവ. കോളേജ്, കോട്ടയം.
3. ഗവ. കോളേജ്, തൃശ്ശൂർ.
4. ഗവ. കോളേജ്, മലപ്പുറം.
5. ഗവ. കോളേജ്, ആറ്റിങ്ങൽ.
6. ഗവ. കോളേജ്, ചാലക്കുടി.
7. വി. കെ. കെ. എം. കോളേജ്, കണ്ണൂർ.
8. ഗവ. കോളേജ്, മണിമലക്കുന്ന്.
9. തൃശ്ശൂർ ഇൗവനിംഗ് കോളേജ്.

(ജി) ഉണ്ട്.

(എച്ച്) മഞ്ചേശ്വർ, കോടഞ്ചേരി, മണിമലക്കുന്ന്, കൽപ്പറ്റ, മാനന്തവാടി, എളേരിത്തട്ടിൻമേൽ, തൃശ്ശൂർ, തിരൂർ, കട്ടപ്പന, നെടുമങ്ങാട്, ചവറ, മൊകേരി, കാഞ്ഞിരംകുളം, തൃപ്പൂണിത്തുറ, ആറ്റിങ്ങൽ, പെരിന്തൽമണ്ണ, പേരാമ്പ്ര, ചാലക്കുടി ഇവിടത്തെ കോളേജുകൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല.

(ഐ) പെരിന്തൽമണ്ണ, പെരാമ്പ്ര, ചാലക്കുടി എന്നിവിടങ്ങളിൽ കെട്ടിടം പണി നടന്നുവരുന്നു. മറ്റു സ്ഥലങ്ങളിൽ കഴിയുന്നതും വേഗത്തിൽ കെട്ടിടനിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

ഗവൺമെൻറ് കോളേജുകളില്ലാത്ത റവന്യൂ ജില്ലകൾ

1442. [2045] ശ്രീ. കെ. കെ. നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെൻറ് വക ആർട്സ് ആൻറ് സയൻസ് കോളേജുകളില്ലാത്ത എത്ര റവന്യൂ ജില്ലകൾ കേരളത്തിലുണ്ട് ; അവ ഏതെല്ലാം;

(ബി) ഈ ജില്ലകളിൽ എത്രയും വേഗം ഗവൺമെൻറ് കോളേജുകൾ തുടങ്ങാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) രണ്ട്. ആലപ്പുഴ, പത്തനംതിട്ട ജില്ലകൾ.

(ബി) കോളേജു തുടങ്ങേണ്ടുന്നതിൻെറ ആവശ്യകതയും, ഗവൺമെൻറിൻെറ സാമ്പത്തിക പരിമിതികളും കണക്കിലെടുത്തേ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly